(സി) പ്രസ്തുത കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ടും, ഒരു അവസാന റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) അനുബന്ധം I-ൽ† ചേർത്തിട്ടുണ്ട്.

(ഇ) റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കുട്ടനാട്ടിലെ തൊഴിലാളികളുടെ കൂലി

25 (*644)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ നെൽക്കൃഷിയിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ കൂലി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി എങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ;

(സി) ഈ കൂലി എന്ന് നിശ്ചയിച്ചതാണ്;

(ഡി) പ്രസ്തുത കൂലിയ്ക്ക് തൊഴിലാളികളെ ലഭ്യമാണോ;

(ഇ) കുട്ടനാട്ടിലെ കൃഷിപ്പണിയ്ക്ക് ഇപ്പോഴും തൊഴിലാളികളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാമെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) നിലമൊരുക്കൽ, ഞാറു നടീൽ, കള പറിക്കൽ എന്നീ തൊഴിലുകൾ ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 60 രൂപയും വരമ്പു കുത്ത്, തുമ്പ പണി എന്നിവ ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 110 രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞതൊഴികെയുള്ള തൊഴിലുകൾക്ക് അതതു പ്രദേശങ്ങളിൽ നിലവിലുള്ള കൂലിയുടെ 10% വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) കുട്ടനാട് കാർഷിക മേഖല, വ്യവസായ ബന്ധസമിതിയുടെ 22.10.98 ൽ നടന്ന യോഗത്തിൽ ഈ കൂലി നിശ്ചയിച്ചത്.

(ഡി)-(എഫ്) തൊഴിലാളി ദൗർലഭ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ പരിഹാരമാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല.

സോഷ്യൽ ആക്ടിവിസ്റ്റുകളുടെ പ്രവർത്തനം

26 (*645)ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. വെങ്ങാനൂർ പി ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ 'സോഷ്യൽ ആക്ടിവിസ്റ്റുകളെ' നിയോഗിച്ചിട്ടുണ്ടോ;

(ബി എങ്കിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിൽപ്രവർത്തിച്ചു വരുന്ന ഇവരുടെ പ്രധാന ചുമതലകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് സോഷ്യൽ ആക്ടിവിസ്റ്റുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സോഷ്യൽ ആക്ടിവിസ്റ്റുകൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ഇവരുടെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ എത്രകണ്ട് പ്രയോജനപ്പെട്ടു എന്ന് വിശദീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഗ്രാമസഭകൾ തുടങ്ങിയ വേദികളിൽ കൃത്യമായി പങ്കെടുത്ത് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് പട്ടികവർഗ്ഗക്കാരെ സജ്ജരാക്കുക, ഇതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ആസൂത്രണ പ്രക്രിയയിൽ പട്ടികവർഗ്ഗക്കാരെ ഭാഗഭാക്കുക, ആദിവാസികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുതകുന്ന രീതിയിൽ പ്രവർത്തനങ്ങൾനടത്തുന്നതിനുള്ള ഒരു 'സിംഗിൾ വിൻഡോ' ആയി പ്രവർത്തിക്കുക കൂടാതെ സർക്കാരിൽ നിന്നും, മറ്റിതര വകുപ്പുകൾ, ഏജൻസികൾ എന്നിവ മുഖേന ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവന്മാരാക്കുക, അടിയന്തിരഘട്ടങ്ങളിൽ അവരെ സഹായിക്കുക എന്നിവയാണ് സോഷ്യൽ ആക്ടിവിസ്റ്റുകളുടെ ചുമതലകൾ

(സി) സംസ്ഥാനത്ത് കോട്ടയം ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും സോഷ്യൽ ആക്ടിവിസ്റ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) കോട്ടയം ജില്ല ഒഴികെ എല്ലാ ജില്ലകളിലും ഇവരുടെ പ്രവർത്തനം ഇപ്പോൾ ലഭ്യമാണ്.

(ഇ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 547 സോഷ്യൽ ആക്ടിവിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 615 പേരെ നിയമിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്)ഇവരുടെ പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വളരെയധികം പ്രയോജനപ്പെട്ടുവെന്നാണ് ചുരുങ്ങിയകാലത്തെ അനുഭവംകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നത്.

വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണം

27 (*646)ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.സി. വേണുഗോപാൽ :

LIBRARY ARCHIVES Kerala Legislative Assembly